# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

**22.08.2024 (വ്യാഴാഴ്ച) 12 പി.എമ്മിന്**

**ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ്& യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം)-ന്റെ**

**അധ്യക്ഷതയിൽ ചേർന്ന 22-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 22.08.2024 ഉച്ചക്ക് 12 മണിക്ക് ചേർന്ന 22 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 22 -ാമത് ഗവേർണിംഗ് ബോഡി യോഗം 2024 ആഗസ്റ്റ് 22-ാം തീയതി ഉച്ചക്ക് 12.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. എ.എൻ. പ്രഭാകരൻ (മെമ്പർ)
4. ശ്രീ. കെ. അനിമോൻ (മെമ്പർ)
5. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
6. ശ്രീമതി. സുലക്ഷണ.എസ് (അസിസ്റ്റന്റ് ഡയറക്ടർ, വനിത-ശിശു വികസന വകുപ്പ്)
7. ശ്രീ. ഡാനിയേൽ ലിബനി, (അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ മിഷൻ)

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2024 ജൂലൈ 3-ാംതീയതി ചേർന്ന 21-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   21-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ടിന്റെ കരട് അംഗീകരിക്കൽ**

   2023-24 വർഷത്തെ സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ടിന്റെ കരട് യോഗം അംഗീകരിച്ചു.

   സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ നിലവിൽ നേരിടുന്ന ചില വെല്ലുവിളികളും പ്രശ്നങ്ങളും എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് യോഗം നിർദ്ദേശിച്ചു. ആയതിൻ പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു.

   (i) സോഷ്യൽ ഓഡിറ്റ് പ്രക്രിയയിൽ തൊഴിലാളികളുടെ അവകാശ ലംഘനങ്ങൾ നിരന്തരമായി നടന്നുവരുന്നതായി കണ്ടുവരികയും ആയത് നിയമ ലംഘനമാണെന്നും അതിനാൽ ഇത്തരം നിയമ ലംഘനങ്ങൾ അവസാനിപ്പിക്കുന്നതിന് നിർവ്വഹണ വിഭാഗം ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെടുന്ന കത്ത് സംസ്ഥാന മിഷൻ ഡയറക്ടർക്ക് നൽകണമെന്ന് യോഗം തീരുമാനിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department

(ii) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേലുള്ള നഷ്ടപരിഹാരം/റിക്കവറി, ഇതിന് ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിലവിൽ തൊഴിലാളികളുടെ കൈയ്യിൽ നിന്നും ഈടാക്കുന്നത് അവസാനിപ്പിക്കണമെന്നും യോഗം വിലയിരുത്തി. അതിനാൽ ഇപ്പോൾ കണ്ടുവരുന്ന ഈ പ്രവണത ചൂണ്ടിക്കാണിച്ച് സംസ്ഥാന മിഷൻ ഡയറക്ടർക്ക് കത്ത് നൽകണമെന്ന് യോഗം തീരുമാനിച്ചു.

(iii) സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേലുള്ള പരിഹാര നടപടികൾ സമയ ബന്ധിതമായി സ്വീകരിക്കുന്നതിൽ വീഴ്ച വരുന്നതായി യോഗം വിലയിരുത്തി.

(iv) തൊഴിലുറപ്പ് പ്രവൃത്തികളുടെ നിർവ്വഹണഘട്ടത്തിൽ സംഭവിക്കുന്ന മേൽനോട്ട രാഹിത്യം കൊണ്ട് അളവുകളിൽ വരുന്ന കുറവുകൾ പരിഹരിക്കുന്നതിന് ആവർത്തിച്ച് ജോലി ചെയ്യിപ്പിച്ചു വരുന്ന പ്രവണത അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു.

(v) എം.ജി.എൻ.ആർ.ഇ.ജി.എസ് നിയമ വ്യവസ്ഥ അനുസരിച്ച് ഗ്രീവൻസിനും പ്രോസസ്സ് വൈലേഷനും 1000/- (ആയിരം രൂപ) വരെ പിഴ ഈടാക്കാനുള്ള വ്യവസ്ഥ നിയമത്തിൽ ഉണ്ടെന്ന് സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ചൂണ്ടിക്കാണിക്കുകയും ആയതിൻപ്രകാരം ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന മിഷന് രേഖാമൂലം കുറിപ്പ് നൽകുന്നതിനും യോഗം തീരുമാനിച്ചു.

### 3. 2023-24 വർഷത്തെ വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ

2023-24 വർഷത്തെ വരവ്-ചെലവ് കണക്കുകൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ട് ഗവേർണിംഗ് ബോഡി യോഗം അംഗീകരിച്ചു.

ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ പ്രകാരം മുൻ വർഷങ്ങളിലെ കുടുംബശ്രീ ഫണ്ട് ഇനത്തിൽ രൂപ. 6,57,072/-രൂപയും ഉച്ചഭക്ഷണ പദ്ധതിയിനത്തിൽ രൂപ.74,539/- ചിലവഴിക്കാത്തതായി കണ്ടെത്തിയ സാഹചര്യത്തിൽ, പ്രസ്തുത വകുപ്പുകളിലേക്ക് ഇതുസംബന്ധിച്ച കാര്യങ്ങൾ കാണിച്ചുകൊണ്ട് കത്ത് അയക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ഓഡിറ്റ് പരാമർശങ്ങളിന്മേൽ വിശദമായ മറുപടി തയ്യാറാക്കി അടുത്ത ബോഡി യോഗത്തിൽ അവതരിപ്പിക്കുന്നതിനും തീരുമാനിച്ചു.

### 4. സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ ജനറൽ ബോഡി യോഗത്തിന്റെ തീയതി നിശ്ചയിക്കൽ

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ മൂന്നാമത് ജനറൽ ബോഡി യോഗം 2024 സെപ്റ്റംബർ 25-ാം തീയതി നടത്തുവാൻ യോഗം തീരുമാനിച്ചു

### 5. 2024-25 വർഷത്തെ ആദ്യപാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് അംഗീകരിക്കൽ

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളിന്മേലുള്ള അസംതൃപ്തിയുടെ അടിസ്ഥാനത്തിൽ ഗ്രാമസഭക്കും പബ്ലിക് ഹിയറിംഗിനും തീയതി നൽകാതെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ നീണ്ടുപോകുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് പൂർത്തീകരിക്കുവാൻ സാധിക്കുന്നില്ല. സമയബന്ധിതമായി സോഷ്യൽ ഓഡിറ്റ് പൂർത്തീയാക്കുന്നതിനുവേണ്ടി യഥാസമയം ഗ്രാമസഭകൾക്കും പബ്ലിക് ഹിയറിംഗുകൾക്കും തീയതി നൽകണമെന്ന നിർദ്ദേശം പഞ്ചായത്തുകൾക്ക് നൽകണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാന മിഷൻ ഡയറക്ടർക്ക് കത്ത് നൽകുന്നതിന് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat

6. **സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ കാലാവധി ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പെർഫോമൻസ് അസെസ്മെന്റ് കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ നിയമന കാലാവധി ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പെർഫോമൻസ് അസെസ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവേർണിംഗ് ബോഡി യോഗം അംഗീകാരം നൽകി.

7. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ഓഫീസ് ജീവനക്കാരായ സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്- ശ്രീ.പി. ഷാജി, എം.ഐ.എസ്. എക്സ്പെർട്ട്- ശ്രീമതി. നൈന മറിയ വർഗ്ഗീസ്, അക്കൗണ്ട്സ് ഓഫീസർ- ശ്രീമതി. എ.എസ്. ഷാഹിന എന്നിവരുടെ കരാർ കാലാവധി അടുത്ത ഒരു വർഷക്കാലത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാൻ യോഗം തീരുമാനമെടുത്തു. സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ആയി ചുമതല വഹിച്ചവരുന്ന ഡോ. റ്റി. ഷാജി ആഗസ്റ്റ് മാസത്തോടെ സേവനം അവസാനിപ്പിക്കുന്നതായും കരാർ പുതുക്കുന്നില്ല എന്നുമുള്ള വിവരം സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ ഇതിനകം അറിയിക്കുകയുണ്ടായി. ആയതിൻ പ്രകാരം പ്രസ്തുത തസ്തികയിലേക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

8. **നാഷണൽ സോഷ്യൽ അസിസ്റ്റൻഡ് പ്രോഗ്രാം (NSAP) സോഷ്യൽ ഓഡിറ്റിന് അംഗീകാരം**

എൻ.എസ്.എ.പി. പദ്ധതിയുടെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിലും 2023-24 ഏപ്രിൽ മുതൽ ജൂൺവരെയുള്ള ഗുണഭോക്താക്കളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻ പ്രകാരം ഫണ്ട് ലഭ്യമാകുന്നതിനനുസരിച്ച് എൻ.എസ്.എ.പി പദ്ധതിയുടെ ഭാഗമായ മൂന്ന് പെൻഷൻ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടപ്പാക്കുന്നതിന് ഗവേർണിംഗ് ബോഡി യോഗം അനുമതി നൽകി.

9. **സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പാക്കിയ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തന പുരോഗതി വിലയിരുത്തൽ**

കേന്ദ്ര സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സഹായത്തോടെ നടപ്പാക്കി വരുന്ന താഴെപ്പറയുന്ന നാല് സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയത് യോഗം വിലയിരുത്തി.

1. Integrated Rehabilitation Centre for Addicts (IRCA)
2. Shreshta Public Schools
3. Aged care homes
4. PMAJAY Hostel for Scheduled Caste students

ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സോഷ്യൽ ജസ്റ്റിസ് അസംബ്ലി 2024 സെപ്തംബർ ആദ്യവാരം ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ സൗകര്യാർത്ഥം സംഘടിപ്പിക്കുന്നതിന് ഡയറക്ടറെ ഗവേർണിംഗ് ബോഡി ചുമതലപ്പെടുത്തി.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

**10. പുതുതായി നിയമനം നൽകിയ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും സംഘടിപ്പിച്ച പരിശീലനത്തിന്റെ പുരോഗതി റിപ്പോർട്ട്**

പുതുതായി പരിശീലനം നടത്തി നിയമനം നൽകിയ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെയും നിയമനത്തിനായി കൈക്കൊണ്ട നടപടികൾ യോഗം അംഗീകരിക്കുകയും അവശേഷിക്കുന്ന ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ നടന്നുവരുന്നതായും സോഷ്യൽ ഓഡിറ്റ് ഡയറക്ടർ യോഗത്തെ അറിയിക്കുകയുണ്ടായി.

**11. സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സണായ ശ്രീമതി.എ.ആശാറാണിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ അംഗീകാരം**

സോഷ്യൽ ഓഡിറ്റ് ബ്ലോക്ക് റിസോഴ്സ് പേഴ്സണായ ശ്രീമതി എ. ആശാറാണിക്കെതിരെ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി യോഗം അംഗീകരിച്ചു.

യോഗം ഉച്ചക്ക് 1.30-ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യുവജനകാര്യം സെക്രട്ടറി.